"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്തുവകുപ്പ് - പത്തനംതിട്ട ജില്ലയിലെ റാന്നി - പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ്, ശബരിമല ഇടത്താവളം എന്നിവയുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയുടെ LAR കേസുകളിൽ (LAR 70/2011, 71/2011, 72/2011, 73/2011, 74/2011, 86/2011, 06/2013) വിധിത്തുകയായ ₹9,36,77,033/- രൂപയുടെ - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.953/2026/PWD തീയതി,തിരുവനന്തപുരം, 18-08-2026

---

പരാമർശം:-

1. G.O.(Rt) No.223/2001/LSGD തീയതി 20.01.2001.
2. G.O.(Rt) No.1748/2010/PWD തീയതി 20.11.2010.
3. ബഹു: ഹൈക്കോടതി മുമ്പാകെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ഫയൽ ചെയ്ത WP (C) No. 23474/2022 നമ്പർ കേസ്.
4. അന്തർ വകുപ്പ് തല തർക്ക പരിഹാര കമ്മിറ്റിയുടെ (Inter Departmental Resolution Committee) യുടെ 30.10.2024 ലെ യോഗ തീരുമാനം.
5. 23.12.2025 ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ നമ്പർ DCPTA/4622/25/C9 നമ്പർ കത്ത്.
6. ബഹു: ഹൈക്കോടതി മുമ്പാകെ ശ്രീ. അബി ജോസഫ് ഫയൽ ചെയ്ത WP (C) No. 11063/2026 നമ്പർ കേസ്.
7. പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എഞ്ചിനീയറുടെ 30-07-2026, 31-07-2026 തീയതികളിലെ CEPWD-PTA/8/2023-A1(W)-BL നമ്പർ കത്തുകൾ.
8. G.O.(Rt) No.6458/2026/Fin തീയതി 13-08-2026.
9. ബഹു: ഹൈക്കോടതി യുടെ WP (C) No. 11063/2026 മേലുള്ള 13.08.2026 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡും ശബരിമല ഇടത്താവളവും നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം 1 ഹെക്ടർ 12 ആർ 68 ച:മീ ഭൂമി ഏറ്റെടുക്കൽ നടപടികൾ പരാമർശം (1) പ്രകാരം ആരംഭിച്ചിരുന്നു. തുടർന്ന്, പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിലൂടെ പ്രസ്തുത പദ്ധതി "മാന്ദ്യവിരുദ്ധ പാക്കേജിൽ" ഉൾപ്പെടുത്തുകയും, പദ്ധതിക്കായുള്ള ഭൂമി

ഏറ്റെടുക്കലിന് ആവശ്യമായ തുക സർക്കാർ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ഭൂവുടമകൾ നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് സബ് കോടതിയിൽ അപ്പീൽ നൽകുകയും, തുടർന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉണ്ടായ അധിക ബാധ്യത തീർപ്പാക്കുന്നത് സംബന്ധിച്ച് റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ഹൈക്കോടതിയിൽ പരാമർശം (3) പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി.

(2). തുടർന്ന് പരാമർശം (4) പ്രകാരം അന്തർ വകുപ്പ് തല തർക്ക പരിഹാര കമ്മിറ്റിയുടെ ഒരു യോഗം കൂടുകയും ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു.

1. നിർദ്ദിഷ്ട ഭൂമിയിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥാവകാശം വിട്ടൊഴിഞ്ഞ് സർക്കാർ പുറമ്പോക്ക് ആക്കി മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.
2. പൊതുമരാമത്തു വകുപ്പിന്റെ അക്കൗണ്ടിലേക്കു, ഭൂമി ഏറ്റെടുത്ത വകയിൽ റിലീസ് ചെയ്തു ലഭിക്കേണ്ടതായ ഫണ്ട് ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കി ഈ എൽ.എ.ആർ അവാർഡ് തുക ഒടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
3. പത്തനംതിട്ട ജില്ലാ കളക്ടർ അടിയന്തരമായി നിർദ്ദിഷ്ട ഭൂമി അളന്ന് അതിർത്തി കല്ലുകൾ സ്ഥാപിച്ച് സംരക്ഷിക്കേണ്ടതാണ്.
4. ദേശീയ ഹരിത ട്രൈബ്യൂണലിൽ വസ്തു സംബന്ധിച്ച് നിലവിലുള്ള കേസ് ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതാണ്.

(3) റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 23.12.2024 തീയതിയിലെ 1(1) നം തീരുമാനപ്രകാരം നിർദ്ദിഷ്ട ഭൂമിയിലുള്ള ഗ്രാമപഞ്ചായത്തിന്റെ അവകാശം വിട്ടൊഴിഞ്ഞിട്ടുള്ളതാണ്.

(4) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട 7 LAR കേസുകളിൽ (LAR 70/2011, 71/2011, 72/2011, 73/2011, 74/2011, 86/2011, 06/2013) കോടതി വിധികളുടെ അടിസ്ഥാനത്തിൽ വിധിത്തുകയായ ₹9,36,77,033/- (ഒമ്പത് കോടി മുപ്പത്തിയാറ് ലക്ഷത്തി എഴുപത്തേഴായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർ പരാമർശം (7) പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

(5) എന്നാൽ പത്തനംതിട്ട റാന്നി താലൂക്കിൽ പഴവങ്ങാടി വില്ലേജിൽ ബ്ലോക്ക് നം. 09-ൽ ഉൾപ്പെട്ട 11090-ാം നമ്പർ തണ്ടപ്പേരിൽ വിവിധ സർവെ നമ്പരുകളിലായി കിടക്കുന്നതും, KSRTC ബസ് സ്റ്റാൻഡ്, ശബരിമല ഇടത്താവളം എന്നിവയ്ക്ക് വേണ്ടി ഏറ്റെടുത്തതുമായ ഭൂമി സർക്കാർ പുറമ്പോക്കിലേക്ക് മാറ്റണമെങ്കിൽ, ഭൂമി ബാധ്യത രഹിതമായിരിക്കണമെന്ന്

പരാമർശം (5) പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

**(6)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളുടെയും, പരാമർശം (7) ലെ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും, 30.10.2024-ൽ ചേർന്ന ഇന്റർ ഡിപ്പാർട്ട്മെന്റൽ റെസല്യൂഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരവും, പരാമർശം (8) പ്രകാരം ധനകാര്യ വകുപ്പ് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലും, റാന്നി-പഴവങ്ങാടി ബസ് ഡിപ്പോയുടെയും, ശബരിമല ടൂറിസ്റ്റ് സെന്ററിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭൂമി സർക്കാർ പുറമ്പോക്ക് ഭൂമിയായി (PWD land) മാറ്റുന്നതിനായി നിലവിലുള്ള ഏഴ് LAR (LAR 70/2011, 71/2011, 72/2011, 73/2011, 74/2011, 86/2011, 06/2013) കേസുകൾ തീർപ്പാക്കുന്നതിനായും, പഴവങ്ങാടി വില്ലേജിലെ റീ-സർവ്വേ നമ്പറുകളായ 258/6, 258/7, 258/8, 258/9, 258/10, 260/2 എന്നിവയിൽപ്പെട്ട 1 ഹെക്ടർ 12 ആർ 68 ച:മീ ഭൂമി ഏറ്റെടുക്കുന്നതിലേക്കായും "4059-80-201 Acquisition of Land-99-Payment of compensation in LAR cases-P-C" എന്ന ശീർഷകത്തിൽനിന്നും 31-07-2026 വരെയുള്ള കാലയളവിലേക്ക് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 9,36,77,033/- രൂപ (ഒമ്പത് കോടി മുപ്പത്തിയാറു ലക്ഷത്തി എഴുപത്തേഴായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു:-

i) നിർമ്മാണ വേളയിൽ നിലവിലുള്ള എല്ലാ ചട്ടങ്ങളും പാലിക്കേണ്ടതാണ്

ii) ഈ പദ്ധതിയുമായി ബന്ധപ്പെട്ട NGT (National Green Tribunal) കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

iii) ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ജില്ല കളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് .

iv) സർക്കാർ ഭൂമിയുടെ അതിർത്തികൾ വ്യക്തമാക്കിയശേഷം, സർക്കാർ ഭൂമിയിൽ പെടാത്തതും സ്വകാര്യ വ്യക്തികൾ ഉടമസ്ഥാവകാശം ഉറപ്പ് വരുത്തിയതുമായ ഭൂമിക്ക് മാത്രമാകണം തുക വിതരണം ചെയ്യേണ്ടത് .

**(7)** ഇപ്രകാരം പരാമർശം (9) പ്രകാരമുള്ള ബഹു ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2. ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, പത്തനംതിട്ട.
4. സെക്രട്ടറി, റാന്നി പഴവങ്ങാടി ഗ്രാമ പഞ്ചായത്ത്.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ്.(17.08.2026 ലെ 3030990-I&PW-B2/25/2025-FIN)
7. റവന്യൂ (എം) വകുപ്പ് [M1/109/2025/Rev]
8. തദ്ദേശസ്വയം ഭരണ (RE) വകുപ്പ് [RE1/13/22/LSGD]
9. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ).
10. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ